# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3499** — **23.06.2014 -ലെ മറുപടിക്ക്**

## കാസർഗോഡ് മുളിയാർ കാട്ടിപ്പള്ളം സ്വദേശി റസീനയുടെ ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മുളിയാർ കാട്ടിപ്പള്ളം സ്വദേശി മുഹമ്മദ് കുഞ്ഞിയുടെ മകൾ റസീന 2014 മാർച്ച് മാസത്തിൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) ഉണ്ട്. ആദൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 134/2014 u/s 57 KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിൽ ടി റസീന മരണപ്പെട്ടതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ Sec. 174 Cr.PC ആയി alter ചെയ്ത് അന്വേഷണം നടത്തുകയും അന്വേഷണത്തിൽ സുനിൽ ചന്ദ്രൻ @ സുർജി, S/o. ചന്ദ്രൻ എന്നയാൾ ടി റസീനയുമായി പ്രണയത്തിലായിരുന്നുവെന്നും ടിയാന്റെ പ്രേരണയാലും പ്രവർത്തിയാലുമാണ് ടി റസീന ആത്മഹത്യ ചെയ്യുവാൻ ഇടയായത് എന്നും വെളിവായതിന്റെ അടിസ്ഥാനത്തിൽ കേസിന്റെ Sec. 306 IPC ആയി മാറ്റി അന്വേഷണം നടത്തി വരികയാണ്. |
| (സി) പ്രസ്തുത കേസ് അന്വേഷിക്കുന്നതാരാണ്, ഇതു സംബന്ധിച്ച അന്വേഷണ പുരോഗതി വിശദമാക്കാമോ? | (സി) പ്രസ്തുത കേസ് അന്വേഷണം നടത്തിവരുന്നത് ആദൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറാണ്. ഈ കേസിൽ പ്രതിയായി ചേർക്കപ്പെട്ട സുനിൽ ചന്ദ്രനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. ഈ കേസിന്റെ തുടർ അന്വേഷണത്തിൽ മരണപ്പെട്ട റസീന ഉപയോഗിച്ചിരുന്ന ഫോൺ ബന്തവസിലെടുക്കുകയും ഫോണിലെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം എഫ്.എസ്.എൽ സൈബർ അനാലിസിസ് വിങ്ങിൽ പരിശോധനയ്ക്കായി അയച്ചുകൊടുത്തിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ